അഭിമുഖം ●

ഡോ. സഫറുൽ ഇസ്‌ലാം ഖാൻ



ആൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറയുടെ പ്രസിഡന്റും *മില്ലി ഗസറ്റ്* ദ്വൈവാരികയുടെ പത്രാധിപരുമായ **ഡോ. സഫറുൽ ഇസ്‌ലാം ഖാനു**മായി **റെഡിഫ് ഡോട്ട് കോം** നടത്തിയ അഭിമുഖം.

# 'മുസ്‌ലിം ഭീകരതക്ക് തെളിവില്ല'

■ *ദൽഹി പോലീസിന്റെ ജാമിഅ നഗർ ഏറ്റുമുട്ടലിനെ മുസ്‌ലിം സംഘടനകൾ ഒന്നും തന്നെ അംഗീകരിക്കുന്നില്ല?*

ഒരുപാട് ചോദ്യചിഹ്നങ്ങൾ ഈ 'ഏറ്റുമുട്ടലി'നെക്കുറിച്ച് ബാക്കിയാവുന്നുണ്ട്. സംഭവത്തെക്കുറിച്ച പോലീസ് ഭാഷ്യത്തെ നിരാകരിക്കുന്നതാണ് മൂന്ന് വസ്തുതാന്വേഷണ സംഘങ്ങളുടെയും റിപ്പോർട്ടുകൾ. എല്ലാ സൂചനകളും ഒരു വ്യാജ ഏറ്റുമുട്ടലിന്റെ സാധ്യതയെക്കുറിച്ചാണ്. യഥാർഥത്തിൽ പോലീസ് ടീം അവിടെ പോയത് അന്വേഷണത്തിനും അറസ്റ്റിനും വേണ്ടിയായിരുന്നു, കൊലപാതകത്തിനായിരുന്നില്ല. എന്നാൽ സംഭവത്തിനിടെ ഒരു പോലീസുദ്യോഗസ്ഥൻ മറ്റു പോലീസുകാരാൽ തന്നെ കൊല്ലപ്പെട്ടു. അതോടെ സംഭവമാകെ മാറ്റിത്തിരുത്തി. രണ്ടു 'കൊടും തീവ്രവാദികളെ' കൊല്ലുന്നതും മറ്റൊരാളെ പരിക്കേൽപിച്ചതും അതോടെയാണ്. കൊലപാതകങ്ങളെ ന്യായീകരിക്കാൻ ഈ വിദ്യാർഥികളെ സ്ഫോടനങ്ങളുടെ സൂത്രധാരന്മാരാക്കി. അവരുടെ ജന്മനാടായ അഅ്സംഗഢിൽനിന്ന് ധാരാളം ചെറുപ്പക്കാരെ സംശയത്തിന്റെ പേരു പറഞ്ഞ് അറസ്റ്റ് ചെയ്തു.

കൊല്ലപ്പെട്ട വിദ്യാർഥികളെക്കുറിച്ച് പോലീസും അവരുടെ കൂലിയെഴുത്തുകാരായ മാധ്യമങ്ങളും ചേർന്ന് നിർമിച്ചത് അപസർപ്പക കഥകളായിരുന്നു. അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ കോടികൾ വന്നു മറിയുന്നു എന്നായിരുന്നു ആരോപണം.

ഭീകരാക്രമണം നടക്കുന്നതിന് തൊട്ടുമുമ്പ് അതിനെക്കുറിച്ച് ഒരു ചുക്കുമറിയാത്ത സുരക്ഷാ ഇന്റലിജൻസ് ഏജൻസികൾ സ്ഫോടനം നടന്ന് മിനിറ്റുകൾക്കുള്ളിൽ കുറ്റവാളികളെ മുഴുവൻ കണ്ടെത്തുന്നു! സംഭവത്തിനു പിന്നിലെ വ്യക്തികൾ, സംഘടനകൾ, ധനസ്രോതസ്സുകൾ തുടങ്ങിയ വിശദാംശങ്ങളൊക്കെ അവർ നിമിഷനേരംകൊണ്ട് കണ്ടെത്തുന്നു! തങ്ങളുടെ കഴിവില്ലായ്മയും പരാജയവും മറച്ചുവെക്കാൻ ചാഞ്ഞ മരമായ മുസ്‌ലിം സമുദായത്തിനുമേൽ പാഞ്ഞു കയറുകയാണ് ഇന്റലിജൻസും പോലീസും

എന്നാൽ അഅ്സംഗഢിലെ ബാങ്ക് മാനേജർ മാധ്യമങ്ങൾക്ക് മുമ്പാകെ പറഞ്ഞതാകട്ടെ, ആയിരത്തിൽ താഴെ രൂപ മാത്രമാണ് ഈ അക്കൗണ്ടുകളിൽ ഉള്ളതെന്നാണ്. ഇതേ കുട്ടികൾ തന്നെയാണ് വരാണസി, ജയ്പൂർ, ഹൈദരാബാദ്, അഹ്മദാബാദ് തുടങ്ങിയ സ്ഥലങ്ങളിലും ബോംബ് വെച്ചത് എന്നുകൂടി പോലീസ് കണ്ടെത്തിയിരിക്കുന്നു. എന്നുവെച്ചാൽ മനസ്സിലാക്കേണ്ടത്, എല്ലാ സ്ഫോടനങ്ങളുടെയും സൂത്രധാരന്മാരൊക്കെയും അറസ്റ്റ് ചെയ്യപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തതിനാൽ ഇന്ത്യയിൽ ഒരിടത്തും ഇനി ഭീകരാക്രമണങ്ങൾ നടക്കില്ല എന്നാണല്ലോ.

■ *എന്തുകൊണ്ടാണ് ആ യുവാക്കൾ തന്നെ പ്രത്യേകം ടാർഗറ്റ് ചെയ്യപ്പെട്ടത്?*

ഈ യുവാക്കളെക്കുറിച്ച് ചില വിവരങ്ങൾ തങ്ങൾ ഗുജറാത്ത് പോലീസിന് കൈമാറിയിരുന്നു എന്നാണ് മുംബൈ പോലീസിന്റെ അവകാശവാദം. വർഗീയ പക്ഷപാതിത്വത്തിന് കുപ്രസിദ്ധി നേടിയ ഗുജറാത്ത് പോലീസ് കാള പെറ്റെന്ന് കേട്ടപ്പോൾ കയറെടുക്കുകയായിരുന്നു. ഇവർ സ്ഫോടനങ്ങൾ നടത്താൻ പദ്ധതിയിടുന്നു എന്ന് ഉടൻ തന്നെ ദൽഹി പോലീസിനെ അറിയിക്കുന്നു. രാജ്യത്ത് അത്തരത്തിൽ നിരീക്ഷിക്കപ്പെടുന്ന ആയിരങ്ങളിൽ ഇവരും ഉണ്ടായിരിക്കാം. അവരെ അറസ്റ്റ് ചെയ്യാൻ ശ്രമിക്കുന്നതിനിടെ ഒരു പോലീസ് ഓഫീസർ കൊല്ലപ്പെട്ടത് അവരുടെ ദൗർഭാഗ്യത്തിനിടയായി.

ഇപ്പോൾ ഈ പോലീസ് അക്രമത്തിന്റെ വില മുഴുവൻ സമുദായവും നൽകേണ്ടിവന്നിരിക്കുകയാണ്. ഇതു പക്ഷേ ദൽഹിക്കാർക്ക് പുതുമയുള്ളതല്ല. നേരത്തേ അൻസൽ പ്ലാസയിലും കൊണാട്ട് പ്ലേസിലും ഇത്തരം ഏറ്റുമുട്ടൽ നാടകങ്ങൾ നടന്നിട്ടുണ്ട്.

■ *ഏറ്റുമുട്ടൽ വ്യാജമാണെങ്കിൽ ഇൻസ്പെക്ടർ എം.സി ശർമയുടെ മരണത്തെക്കുറിച്ച് താങ്കൾ എന്തു പറയുന്നു?*

എം.സി ശർമ തന്റെ സഹപ്രവർത്തകരാൽ തന്നെ കൊല്ലപ്പെട്ടു എന്നത് വ്യക്തമാണ്. വളരെ കുറഞ്ഞ ദൂരത്തുനിന്ന് പിറകുവശത്താണ് അദ്ദേഹത്തിന് വെടിയേറ്റിരിക്കുന്നത്. ബട്ല ഹൗസിലെ ഇടുങ്ങിയ വഴികളിൽ 2500 പോലീസുകാരെ വിന്യസിച്ചത് വലിയ തെറ്റായിരുന്നു. എൽ-18-ലെ വിവിധ നിലകളിലും ടെറസിലും തൊട്ടടുത്ത കെട്ടിടത്തിലുമൊക്കെ പോലീസ് വിന്യാസം ഉണ്ടായിരുന്നു. അത്തരം സാഹചര്യത്തിൽ ഈ അബദ്ധം സംഭവിക്കാനുള്ള സാധ്യത കൂടുതൽ തന്നെയാണ്.

■ *ഓരോ ഭീകരാക്രമണത്തിനു ശേഷവും മുസ്‌ലിം യുവാക്കളാണ് കുറ്റാരോപിതരാകുന്നത്. ഇതേക്കുറിച്ച് സമുദായത്തിന്റെ പ്രതികരണമെന്താണ്?*

ഓരോ തവണയും സംശയത്തിന്റെ കുന്തമുന മുസ്‌ലിംകൾക്കു നേരെയാണ് തിരിയുന്നത്. എന്നാൽ ഒരിക്കൽ പോലും വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലല്ല ഈ ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നത്. ഭീകരാക്രമണം നടക്കുന്നതിന് തൊട്ടുമുമ്പ് അതിനെക്കുറിച്ച് ഒരു ചുക്കുമറിയാത്ത സുരക്ഷാ ഇന്റലിജൻസ് ഏജൻസികൾ സ്ഫോടനം നടന്ന് മിനിറ്റുകൾക്കുള്ളിൽ കുറ്റവാളികളെ മുഴുവൻ കണ്ടെത്തുന്നു! സംഭവത്തിനു പിന്നിലെ വ്യക്തികൾ, സംഘടനകൾ, ധനസ്രോതസ്സുകൾ തുടങ്ങിയ വിശദാംശങ്ങളൊക്കെ അവർ നിമിഷനേരംകൊണ്ട് കണ്ടെത്തുന്നു! തങ്ങളുടെ കഴിവില്ലായ്മയും പരാജയവും മറച്ചുവെക്കാൻ ചാഞ്ഞ മരമായ മുസ്‌ലിം സമുദായത്തിനുമേൽ പാഞ്ഞു കയറുകയാണ് ഇന്റലിജൻസും പോലീസും.

വിഭാഗീയവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന നിരവധി ഭീകരസംഘടനകൾ നമ്മുടെ രാജ്യത്തുണ്ട്. ഏതാനും മുസ്‌ലിംകളും ഇത്തരക്കാരായി ഉണ്ടായേക്കാം. പക്ഷേ ഇതിനും വ്യക്തമായ തെളിവുകളൊന്നുമില്ല. അതിവാദ ചിന്തകൾ ഉണ്ടായിരുന്നെങ്കിലും സിമിക്ക് സായുധ വിഭാഗം ഉണ്ടായിരുന്നതിനോ അവരുടെ അംഗങ്ങൾക്ക് സായുധ പരിശീലനം നൽകിയതിനോ തെളിവൊന്നുമില്ല. ചില ആളുകളും ഏജൻസികളും സിമിക്കെതിരെ നടത്തുന്ന ഇത്തരം കടുത്ത ആരോപണങ്ങൾ പോലും ഗവൺമെന്റിനാൽ നിയമിതരായ ട്രൈബ്യൂണൽ ജഡ്ജിമാർ പലപ്പോഴായി തള്ളിക്കളഞ്ഞിട്ടുണ്ട്. അമ്പതിലധികം സിമി പ്രവർത്തകരെ ഇന്ത്യയിലെ പല കോടതികളിലായി കുറ്റക്കാരല്ലെന്ന് കണ്ട് വെറുതെ വിടുകയും ചെയ്തിട്ടുണ്ട്.

രണ്ടു കാരണങ്ങളാൽ നമ്മുടെ ചെറുപ്പക്കാരിൽ രോഷം വളരുന്നുണ്ട്. ഒന്നാമതായി ബാബരി ആക്രമണം, മറ്റു വർഗീയ കലാപങ്ങൾ തുടങ്ങി എവിടെയും നീതി നടപ്പിലായിട്ടില്ല. രണ്ടാമതായി, ഇതിനു പുറമെ നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാരെ പോലീസ് അന്യായമായി പീഡിപ്പിക്കുകയും ചെയ്യുന്നു.

■ *രാജ്യത്ത് നടന്ന ചില സ്ഫോടനങ്ങളിൽ വലതുപക്ഷ ഹിന്ദുത്വ ശക്തികൾക്ക് പങ്കുള്ളതായി സംശയമുണ്ടോ?*

വെറും സംശയമല്ല, മറിച്ച് ഞങ്ങൾ അക്കാര്യം ഉറച്ചു വിശ്വസിക്കുകതന്നെ ചെയ്യുന്നു. മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കുന്ന പല സ്ഫോടനങ്ങളുടെയും ഉത്തരവാദികൾ വിശ്വഹിന്ദു പരിഷത്ത്, ബജ്റംഗ്ദൾ, ശ്രീറാം സേന, ഹിന്ദുമുന്നണി, ഹിന്ദു ജാഗരൺ മഞ്ച്, യുവ ഹിന്ദു വാഹിനി, ഹിന്ദു ജനജാഗ്രതി സമിതി, ദുർഗാ വാഹിനി തുടങ്ങിയ ഹിന്ദുത്വ ഭീകര സംഘടനകളാണ്. നാന്ദേഡ്, തെങ്കാശി, താനെ, കാൺപൂർ തുടങ്ങിയ സംഭവങ്ങളിൽ ഈ സംഘടനകളിലെ അംഗങ്ങളെ കൈയോടെ പിടികൂടിയിട്ടുണ്ട്. എന്നിട്ടും ഗവൺമെന്റ് ഇതൊക്കെ മൂടിവെക്കാനാണ് ശ്രമിക്കുന്നത്.

■ *ഇത്തരം ഒരവസ്ഥയെ സമുദായം എങ്ങനെയാണ് നേരിടേണ്ടത്?*

ഇന്ത്യയിലെല്ലായിടത്തും മുസ്‌ലിംകൾ അരക്ഷിതാവസ്ഥയിലും രോഷത്തിലുമാണുള്ളത്. ഒരിക്കലും നിയമം കൈയിലെടുക്കരുതെന്നും നിയമപരവും ഭരണഘടനാപരവുമായ സർവ മാർഗങ്ങളിലൂടെയും നീതി ലഭിക്കാൻ പൊരുതണമെന്നുമാണ് നമ്മുടെ സന്ദേശം. എന്നാൽ നിരന്തര പീഡനങ്ങളും നീതിനിഷേധവും തുടരുന്നപക്ഷം ഇന്ന് അന്യായമായി ആരോപിക്കപ്പെടുന്ന അവസ്ഥയിലേക്ക് മുസ്‌ലിം ചെറുപ്പക്കാർ എടുത്തെറിയപ്പെട്ടേക്കും എന്ന് ഞാൻ ഭയപ്പെടുന്നു. ഒരുപക്ഷേ, ആദ്യ ഘട്ടമെന്ന നിലക്ക് ഹിന്ദുത്വ ശക്തികളുടെ പ്ലാൻ ഇതുതന്നെയാവാനും തരമുണ്ട്.

■ *ഭീകരപ്രവർത്തനങ്ങളുടെ പേരിൽ സിമിയെ നിരോധിച്ച നടപടിയെക്കുറിച്ച്?*

തീവ്രവാദ ചിന്തകൾ ഉണ്ടായിരുന്നെങ്കിലും സിമി പ്രവർത്തകർ ഒരിക്കലും ഭീകരരോ ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരോ ആയിരുന്നെന്ന് മുസ്‌ലിം സമുദായം വിശ്വസിക്കുന്നില്ല. ഒരുപക്ഷേ, സംഘടനയിലെ ഏതാനും മുൻ അംഗങ്ങൾ ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടേക്കാനുള്ള (തെളിയിക്കപ്പെടാത്ത) സാധ്യത ഉണ്ടായിരിക്കാം. എങ്കിലും അതിന്റെ പേരിൽ മൊത്തം സംഘടനയെയും സമുദായത്തെയും

കുറ്റപ്പെടുത്തുന്നത് ന്യായീകരിക്കാനാവില്ല. ബി.ജെ.പിക്കും കോൺഗ്രസ്സിനുമൊക്കെ ഇത് ബാധകമാണല്ലോ.

■ *സർക്കാർ സിമി പ്രശ്നം കൈകാര്യം ചെയ്ത ശൈലിയെക്കുറിച്ച്?*

എളുപ്പത്തിൽ കോർക്കാവുന്ന ഇരയെന്ന നിലക്കാണ് 2001 സെപ്റ്റംബറിൽ ബി.ജെ.പി സർക്കാർ സിമിയെ നിരോധിച്ചത്. ആ സമയത്ത് സമുദായത്തിനകത്ത് പേരും അനുഭാവവും ഇല്ലാത്ത സംഘമായിരുന്നു അത്. എന്നാൽ ഭരണകൂട ഭീകരതയുടെ ഇരയെന്ന പരിവേഷം ഇന്ന് സിമിക്കുണ്ട്.

വേണ്ടത്ര തെളിവുകളില്ലാത്തതിനാൽ ആഭ്യന്തരമന്ത്രാലയത്തിന്റെ കേസ് തള്ളിയ ഗീതാ മിത്തൽ ട്രൈബ്യൂണലിന്റെ വിധി അംഗീകരിച്ചുകൊണ്ട് യു.പി.എ സർക്കാറിന് ഈ പ്രശ്നം പരിഹരിക്കാമായിരുന്നു. എന്നാൽ സുപ്രീം കോടതിയിലേക്ക് കുതിക്കാനാണ് സർക്കാർ ശ്രമിച്ചത്. സുപ്രീം കോടതിയാകട്ടെ നിരോധം നീട്ടിക്കൊടുക്കുകയും ചെയ്തു.

■ *സിമി ഈ അവസ്ഥയിലായിരിക്കെ, മുസ്‌ലിം യുവാക്കൾക്ക് പ്രതീക്ഷയർപ്പിക്കാനുള്ള സംഘടന ഏതാണ്?*

എസ്.ഐ.ഒ വളരെ ശക്തമാണ്. മുസ്‌ലിം യുവാക്കൾക്ക് ഈ സംഘടനയിലേക്ക് എപ്പോഴും കടന്നുചെല്ലാവുന്നതാണ്.

■ *സിമിയുടെ വഴിയേ എസ്.ഐ.ഒയും പോയേക്കുമോ?*

സിമിക്ക് സംഭവിച്ചത് എസ്.ഐ.ഒക്ക് ഒരിക്കലും ഉണ്ടാവില്ല. മുതിർന്നവരുടെ മേൽനോട്ടവും മാർഗദർശനവും സിമിക്ക് ഉണ്ടായിരുന്നില്ല. എന്നാൽ എസ്.ഐ.ഒയുടെ അവസ്ഥ അങ്ങനെയല്ല. സമുദായത്തിലെ മുതിർന്നവരുടെ മേൽനോട്ടവും മാർഗദർശനവും എപ്പോഴും അവർക്കുണ്ട്.

നിരോധത്തിനു മുമ്പ് സിമി അവരുടേതായ ശൈലിയിൽ മുന്നോട്ടു പോവുകയായിരുന്നു. സിമിയെ കുറിച്ച് സമുദായത്തിൽ ഒട്ടും അഭിപ്രായമുണ്ടായിരുന്നില്ല. എന്നാൽ, ഇരയാക്കപ്പെട്ടവർ എന്ന നിലയിൽ സിമിക്ക് ഇന്ന് അനുഭാവം നേടാൻ കഴിയുന്നുണ്ട്.

■ *ഇപ്പോൾ രാജ്യത്തിന്റെ ശ്രദ്ധയൊട്ടാകെ ഇന്ത്യൻ മുജാഹിദീനിലേക്ക് തിരിഞ്ഞിരിക്കുന്നു?*

എന്താണ്, ആരാണ് ഈ ഇന്ത്യൻ മുജാഹിദീൻ എന്നാർക്കുമറിയില്ല. ആകെ കൂടിയുള്ള തെളിവ്, ചില മാധ്യമ സ്ഥാപനങ്ങളിലേക്കയച്ച മൂന്ന് ഇമെയിലുകളാണ്. ഇതിൽ ആദ്യത്തെ ഇമെയിൽ മുംബൈയിൽ താമസിച്ചിരുന്ന ഒരു അമേരിക്കൻ സുവിശേഷ പ്രവർത്തകന്റെ കമ്പ്യൂട്ടറിൽനിന്നാണ് പോയത്. അയാൾ ഉടനെ രാജ്യം വിടുകയും ചെയ്തു. പിന്നീട് വിലപേശലുകൾക്കൊടുവിൽ അയാളെ ഇന്ത്യയിൽ വരാൻ അനുവദിച്ചു. അദ്ദേഹത്തിന്റെ പേരും രാജ്യം വിടാൻ അനുവദിച്ച സുരക്ഷാ ഉദ്യോഗസ്ഥരുടെ മാനവും കാക്കാൻ വേണ്ടിയായിരിക്കാം ഇത്. കേസ് ഒതുക്കിത്തീർക്കാൻ പോലീസ് കൈമടക്ക് ചോദിച്ചു എന്നും അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. എന്തുകൊണ്ടാണ് ഇയാൾ അറസ്റ്റ് ചെയ്യപ്പെടാതിരുന്നത്? ഇന്ത്യയിൽ നടക്കുന്ന കാര്യങ്ങൾക്ക് അന്താരാഷ്ട്ര പരിപ്രേക്ഷ്യം കൂടി ഉണ്ടായിവരുന്നുണ്ടോ?

**മുസ്‌ലിംകളുടെ തലയിൽ കെട്ടിവെക്കുന്ന പല സ്ഫോടനങ്ങളുടെയും ഉത്തരവാദികൾ വിശ്വഹിന്ദു പരിഷത്ത്, ബജ്റംഗ്ദൾ, ശ്രീറാം സേന, ഹിന്ദുമുന്നണി, ഹിന്ദു ജാഗരൺ മഞ്ച്, യുവ ഹിന്ദു വാഹിനി, ഹിന്ദു ജനജാഗ്രതി സമിതി, ദുർഗാ വാഹിനി തുടങ്ങിയ ഹിന്ദുത്വ ഭീകര സംഘടനകളാണ്. നാന്ദേഡ്, തെങ്കാശി, താനെ, കാൺപൂർ തുടങ്ങിയ സംഭവങ്ങളിൽ ഈ സംഘടനകളിലെ അംഗങ്ങളെ കൈയോടെ പിടികൂടിയിട്ടുണ്ട്. എന്നിട്ടും ഗവൺമെന്റ് ഇതൊക്കെ മൂടിവെക്കാനാണ് ശ്രമിക്കുന്നത്.**

■ *നിരപരാധികളായ ചെറുപ്പക്കാർ പീഡിപ്പിക്കപ്പെടുമ്പോൾ താങ്കളുടെ സംഘടന എന്തു പരിഹാര ശ്രമങ്ങളാണ് നടത്തുന്നത്?*

അന്യായവും അനീതിയും ഉണ്ടായി എന്ന് ബോധ്യപ്പെടുന്ന കേസുകൾക്ക് ഞങ്ങൾ ഊന്നൽ കൊടുക്കുകയാണ്. ഞങ്ങൾ പ്രസ്താവനകൾ ഇറക്കുന്നു, ഉയർന്ന ഉദ്യോഗസ്ഥർക്ക് എഴുതുന്നു, പ്രതിഷേധ പരിപാടികളും സമ്മേളനങ്ങളും സംഘടിപ്പിക്കുന്നു, നീതിപീഠങ്ങളെ സമീപിക്കുന്നു. ഇന്ത്യൻ പൗരന്മാർക്ക് അനുവദിക്കപ്പെട്ട സ്വാതന്ത്ര്യത്തിന്റെയും അവകാശത്തിന്റെയും പരിധിയിലാണ് ഇവയെല്ലാം ചെയ്യുന്നത്.

■ *അവസാനമായി, മെഹ്റോളി സ്ഫോടനത്തെക്കുറിച്ച്?*

സംഭവത്തിൽ ശക്തമായി പ്രതിഷേധിക്കുന്നു. മരണപ്പെട്ടവരോടും കുടുംബങ്ങളോടും അനുശോചിക്കുന്നു. എങ്കിലും ഒരു ചോദ്യം ബാക്കിയാവുകയാണ്. ദൽഹി പോലീസിന്റെ ഭാഷ്യമനുസരിച്ച് ബട്‌ലഹൗസ് ഏറ്റുമുട്ടലോടെ എല്ലാ ഭീകരന്മാരും അകത്താവുകയോ കൊല്ലപ്പെടുകയോ ചെയ്തിരിക്കുന്നു. ഒരിക്കലും മറ്റൊരു സ്ഫോടനം നടക്കരുതായിരുന്നു. എന്നാൽ തലസ്ഥാനത്തുതന്നെ സ്ഫോടനങ്ങൾ ആവർത്തിക്കുന്നു. അപ്പോൾ ദൽഹി പോലീസിന്റെ അവകാശവാദം എവിടെപ്പോയി? ■

**വിവ: എം. സാജിദ്**